STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.72/PR/SPMC/PHQ/2023 Date: 29.06.2023

## പുതിയ സംസ്ഥാന പോലീസ് മേധാവി വെള്ളിയാഴ്ച വൈകിട്ട് ചുമതലയേൽക്കും

സംസ്ഥാന പോലീസ് മേധാവിയായി നിയമിതനായ ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് വെള്ളിയാഴ്ച വൈകിട്ട് ചുമതലയേൽക്കും.

നിലവിലെ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് വൈകിട്ട് അഞ്ചുമണിയോടെ പോലീസ് ആസ്ഥാനത്തെ ധീരസ്മൃതിഭൂമിയിൽ പുഷ്പചക്രം അർപ്പിച്ച് സല്യൂട്ട് ചെയ്യും. തുടർന്ന് പോലീസ് ആസ്ഥാനത്ത് എത്തുന്ന നിയുക്ത സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് ധീരസ്മൃതിഭൂമിയിൽ ആദരം അർപ്പിച്ചശേഷം പോലീസ് സേനയുടെ സല്യൂട്ട് സ്വീകരിക്കും. പിന്നീട് ഡി.ജി.പിയുടെ ചേംബറിലെത്തി നിലവിലെ സംസ്ഥാന പോലീസ് മേധാവിയിൽ നിന്ന് അധികാരദണ്ഡ് ഏറ്റുവാങ്ങി ചുമതലയേൽക്കും.

അതിനുശേഷം നിലവിലെ സംസ്ഥാന പോലീസ് മേധാവിയെ പുതിയ മേധാവിയും മുതിർന്ന പോലീസ് ഓഫീസർമാരും ചേർന്ന് യാത്രയാക്കും.

ചടങ്ങുകൾ വൈകിട്ട് 4.45 മുതൽ സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ ഫേസ് ബുക്ക് പേജിൽ തത്സമയം കാണാം.

സ്ഥാനമൊഴിയുന്ന നിലവിലെ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്തിന് പോലീസ് സേന നൽകുന്ന വിടവാങ്ങൽ പരേഡ് വെള്ളിയാഴ്ച രാവിലെ 7.40 ന് തിരുവനന്തപുരം പേരൂർക്കട എസ്.എ.പി ഗ്രൗണ്ടിൽ നടക്കും. ഈ പരിപാടിയും സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ ഫെസ് ബുക്ക് പേജിൽ തത്സമയം സംപ്രേഷണം ചെയ്യും.

********************************